# ശോധനകളുടെയും കഷ്ടതകളുടെയും ഉദ്ദേശം - സാക് പുന്നൻ

WFTW 12 ഓഗസ്റ്റ് 2012

ഏതാണ്ട് പതിമൂന്നു വർഷക്കാലം ദാവീദ് പലവിധ പ്രയാസങ്ങളും ശോധനകളും അഭിമുഖീകരിക്കുകയും അതിലൂടെ കടന്നു പോകുകയും ചെയ്തു. അതിനു ശേഷമാണ് അവൻ ഒരു ദൈവമനുഷ്യനും, കാര്യപ്രാപ്തിയുള്ള ഒരു രാജാവുമായി തീർന്നത്. വർഷങ്ങൾക്കു ശേഷം അവൻ ഈ വാക്കുകൾ എഴുതി, "എന്തെന്നാൽ ദൈവമേ അവിടുന്ന് ഞങ്ങളെ ശോധന ചെയ്തു, വെള്ളി ഊതികഴിക്കുന്നതുപോലെ അങ്ങ് ഞങ്ങളെ സ്ഫുടം ചെയ്തിരിക്കുന്നു. അങ്ങ് ഞങ്ങളെ തടവിലാക്കി, ഞങ്ങളുടെ മുതുകിൽ വലിയ ഭാരം വച്ചിരിക്കുന്നു. മനുഷ്യരെ ഞങ്ങളുടെ തലയ്ക്കു മീതെ ഓടുമാറാക്കി. ഞങ്ങൾ തീയിലും വെള്ളത്തിലും കൂടെ കടന്നുപോയി. എങ്കിലും അങ്ങ് ഞങ്ങളെ സമൃദ്ധിയിലേക്ക് കൊണ്ടുവന്നിരിക്കുന്നു" (സങ്കീ. 66:10 -12).

മറിച്ചു, ശൌൽ ഒരു ധനിക കുടുംബത്തിൽ ജനിച്ചു വളരുകയും ആ സുഖസൌകര്യങ്ങളുടെ നടുവിൽ നിന്നു നേരെ രാജാവാകുകയുമാണ് ചെയ്തത്. അവൻ യാതൊരുവിധ ശോധനകളും കഷ്ടതകളും നേരിട്ടിട്ടില്ല. അതിനാൽ തന്നെ അവൻ ദൈവത്തെ അറിഞ്ഞില്ല. രാജാവെന്ന നിലയിൽ അവൻ ഒരു പരാജയമായിരുന്നു. ദാവീദിന് ശേഷം വന്ന ശലോമോൻ ശോധനകളും കഷ്ടതകളും ഒന്നും നേരിടാതെ രാജകൊട്ടാരത്തിന്റെ സുഖസൌകര്യങ്ങൾക്ക് നടുവിൽ ഒരു രാജകുമാരനായിട്ടാണ് വളർന്നത്. അവനും രാജാവെന്ന നിലയിൽ പരാജയമായിരുന്നു.

ശോധനകളിലൂടെയും കഷ്ടതകളിലൂടെയും മാത്രമേ നാം ദൈവത്തെ അറിയുകയുള്ളുവെന്നും, അങ്ങനെ മാത്രമേ നമ്മുടെ ശുശ്രൂഷ ഫലപ്രദവും, വിജയകരവും ആയി തീരുകയുള്ളുവെന്നുമാണ് ഈ ഉദാഹരണങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. ഇത് തന്നെയാണ് പൌലോസിന്റെ അപ്പസ്തോലിക ശുശ്രൂഷ വിജയകരമാക്കിയത് (2 കോരി.1:4 - 11, 11:23 - 33 വായിക്കുക). സുവിശേഷ പ്രസംഗത്തിലൂടെ ധനികരായി സുഖലോലുപതയിൽ ജീവിക്കുന്നവരായ ഇന്നുള്ള പല പ്രാസംഗികരും ആത്മീയരല്ലാതായിരിക്കുന്നതിനും, തങ്ങളുടെ കൂടെയുള്ളവർക്ക് ഒരു ദൈവീക മാതൃക ആയിരിക്കുവാൻ കഴിയാത്തതിനും കാരണം ഇതുതന്നെയാണ്.

ദൈവം നിങ്ങളെ അവിടുത്തെ ദാസനായി വിളിച്ചിരിക്കാം. നിങ്ങൾ വിളിക്കപ്പെട്ടു എന്നുള്ളതുകൊണ്ടുമാത്രം ദൈവവേലക്ക് നിങ്ങൾ യോഗ്യരാണെന്നു കരുതരുത്. ശോധനകളിലൂടെ ദീർഘകാലം വിശ്വസ്തതയോടെ കടന്നുപോകാതെ നിങ്ങൾക്ക് ദൈവജനത്തിന്റെ ആത്മീയ നേതാവാകാൻ സാധിക്കുകയില്ല. ഒടുവിൽ നിങ്ങൾ ശൌലിനെയോ, ശലോമോനെയോ പോലെ നശിക്കുകയേയുള്ളു. അതുകൊണ്ട് ദൈവത്തിനു നിങ്ങളെ ദീർഘനാളത്തെ ശോധനകളിലൂടെയും, കഷ്ടതകളിലൂടെയും കടത്തിവിടേണ്ടി വരും. മറ്റുള്ളവർ നിങ്ങളെ തെറ്റിദ്ധരിക്കുവാനും നിങ്ങളോട് അസൂയപ്പെടുവാനും ഇടയാക്കും. നിങ്ങളെ അവർ ഇടിച്ചു താഴ്ത്തുവാനും എതിർക്കുവാനും അവിടുന്ന് അനുവദിക്കും. ഈ സാഹചര്യങ്ങളിലെല്ലാം നിങ്ങൾ (ദാവീദിനെപ്പോലെ) താഴ്മയോടെ നിന്നു ദൈവത്തിൽ ആശ്രയിച്ചാൽ ഒരു നാൾ ദൈവം നിങ്ങളെ സമൃദ്ധിയുടെയും അനുഗ്രഹങ്ങളുടെയും സ്ഥാനത്ത് ആക്കും. കേൾപ്പാൻ

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)